പഞ്ചായത്താഫീസറന്മാരുടെ നിയമനം.

* 45. [17] ശ്രീ. പി. കെ. യശോധരൻ : താഴെ കാണുന്ന ചോദ്യം തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്താഫീസറന്മാരെ മുഴുവൻ നിയമിച്ചുകഴിഞ്ഞുവോ;

(ബി) ഇവരുടെ ശമ്പളസ്കെയിൽ എന്തു;

(സി) ഇന്നു് ഈ സ്കെയിൽ മറ്റു ഡിപ്പാർട്ടുമെൻറിലെന്നും നിലവിലില്ലെന്നു ഗവണ്മെൻറിനറിയാമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) പഞ്ചായത്താഫീസറന്മാരുടെ സെലക്ഷൻ കഴിഞ്ഞു. ചില പഞ്ചായത്തുകളിൽ അവരുടെ നിയമനവും കഴിഞ്ഞു. തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളവരുടെ മുൻചെയ്തികളെപ്പറ്റിയും, സ്വഭാവത്തെപ്പറ്റിയും, മറ്റുമുള്ള റിപ്പോർട്ട് കിട്ടുവാനുള്ള താമസം കൊണ്ടു് ഏതാനും ചില പഞ്ചായത്തുകളിൽ പഞ്ചായത്താഫീസർമാരുടെ നിയമനം നടന്നിട്ടില്ല.

(ബി) ഇവരിൽ ഒന്നാംഗ്രേഡുകാരുടേതു് 45–75 രൂ. യും, രണ്ടാം ഗ്രേഡുകാരുടേതു് 30–45 രൂ. യുമാകുന്നു.

(സി) അറിയാം.

പിന്നാക്കസമുദായോന്നമന വകുപ്പു പുനഃസംഘടന.

* 46. [18] ശ്രീ. പി. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നാക്കസമുദായോന്നമനവകുപ്പു പുനഃസംഘടിപ്പിക്കുന്നതിനു നിയമിച്ച കമ്മിറ്റിയുടെ ശുപാർശകൾ ഏതെല്ലാമാണു് ഇതിനകം അംഗീകരിച്ചു് നടപ്പിലാക്കിയിട്ടുള്ളതു്;

(ബി) റിപ്പോർട്ടിൻറെ ബാക്കി ഭാഗങ്ങൾ അംഗീകരിക്കാത്തതിനു വല്ല പ്രത്യേക കാരണങ്ങളുമുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) കമ്മിറ്റിയുടെ ശുപാർശകൾ ഗവണ്മെൻറിൻറെ പരിഗണനയിൽ ഇരിക്കുകയാണു്.

(ബി) എ-യുടെ ഉത്തരപ്രകാരം ഈ ചോദ്യം ഉദിക്കുന്നില്ല.

പയൽസ്കൂളുകളും നിശാപാഠശാലകളും.

* 47. [19] ശ്രീ. പി. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നാക്കസമുദായോന്നമന വകുപ്പിൽ 1955–56, വർഷത്തിൽ ആകെഎത്ര പയൽസ്കൂളുകൾ, നിശാപാഠശാലകൾ, വായനശാലകൾ എന്നിവ അനുവദിച്ചിട്ടുണ്ടു്;

(ബി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) പിന്നാക്കസമുദായോന്നമന വകുപ്പിൽ നിന്നും 1955.56 വർഷത്തിൽ 7 പയൽസ്കൂളുകളും, 45 വായനശാലകളും പുതുതായി അനുവദിച്ചിട്ടുണ്ട്. നിശാപാഠശാലകൾ അനുവദിക്കുന്ന കാര്യം ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുകയാണ്.

(ബി) എ-യുടെ ഉത്തരം മൂലം ഈ ചോദ്യം ഉദിക്കുന്നില്ല.

പഞ്ചായത്തു ശിപായിമാർ.

* 48. [20] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തുള്ള പഞ്ചായത്തുകളിൽ സേവനം അനുഷ്ഠിച്ചുവരുന്ന പഞ്ചായത്തു ശിപായിമാർക്ക് ഇന്നു ലഭിച്ചുവരുന്ന ശമ്പളം തീരെ കുറവാണെന്നുള്ള വസ്തുത ഗവണ്മെൻറിനറിവുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇവരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനു് എന്തെങ്കിലും നടപടി ഗവണ്മെൻറ് സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതെന്താണെന്നു് വെളിപ്പെടുത്തുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) അറിയാം.

(ബി-സി) അവരുടെ ശമ്പളം വർദ്ധിപ്പിക്കുന്ന കാര്യം ഗവണ്മെൻറിന്റെ പര്യാലോചനയിൽ ഇരിക്കുകയാണ്.

സുപ്രീംകോടതിയിൽ കേസ്സുനടത്തുന്ന അഭിഭാഷകർ.

* 49. [22] ശ്രീ. ടി. ഒ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറിനു വേണ്ടി സുപ്രീംകോടതിയിൽ കേസുനടത്തുന്നതിനു് എത്ര അഭിഭാഷകരെ നിയമിച്ചിട്ടുണ്ടു്;

(ബി) അവരുടെ ശമ്പളം, പ്രതിഫലം, അലവൻസു് മുതലായതു് എന്തു വിധമാണു്;

(സി) ഈ അഭിഭാഷകർ ആരെല്ലാമാണു്?

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഒരു അഭിഭാഷകനെ നിയമിച്ചിട്ടുണ്ടു്. പക്ഷേ ഈ സ്റ്റേറിനെ ബാധിക്കുന്ന സുപ്രീംകോടതിയിലുള്ള പ്രധാനപ്പെട്ട കേസുകൾ നടത്തുന്നതിനു വേണ്ടി അഡ്വക്കേറ്റ് ജനറലുമായി ആലോചിച്ചു് ശ്രീ. ഇ. എസ്സു്. കൃഷ്ണസ്വാമി അയ്യങ്കാർ അവർകളെ ഒരു സീനിയർ കൗൺസിലറായി നിയോഗിക്കുവാൻ അദ്ദേഹത്തിനു് അധികാരമുണ്ടായിരിക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly